# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3742

24.06.2014 ൽ മറുപടിയ്ക്ക്

## മെമ്പർ റിലീഫ് ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ചട്ടം കരട് ഭേദഗതി നിർദ്ദേശങ്ങളിൽ മെമ്പർ റിലീഫ് ഫണ്ട് രൂപീകരിക്കുന്ന കാര്യം ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (എ) 1969 ലെ കേരള സഹകരണ സംഘം ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 14.02.2014 ലെ 365/2013/സഹ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച കരട് ഭേദഗതി നിർദ്ദേശങ്ങളിൽ മെമ്പർ റിലീഫ് ഫണ്ട് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ഇതനുസരിച്ച് എല്ലാ സംഘങ്ങളും ഓരോ വർഷത്തേയും അറ്റലാഭത്തിന്റെ 10% സഹകരണ മെമ്പർ റിലീഫ് ഫണ്ടിലേയ്ക്ക് മാറ്റേണ്ടതാണ്. സംസ്ഥാന സഹകരണ ബാങ്കിൽ സഹകരണ സംഘം രജിസ്ട്രാറുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച് 2 മാസത്തിനകം തുക അടയ്ക്കേണ്ടതാണ്. അപ്രകാരം തുക അടയ്ക്കുന്നതിൽ വീഴ്ചയുണ്ടാകുന്നപക്ഷം സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് 6% വാർഷിക നിരക്കിൽ പിഴപ്പലിശ അടയ്ക്കേണ്ടതുമാണ്. സഹകരണ വകുപ്പ് മന്ത്രി, സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവരടങ്ങിയ ഒരു കമ്മിറ്റിയുടെ നിർദ്ദേശാനുസരണം സഹകരണ സംഘം രജിസ്ട്രാറായിരിക്കും ഫണ്ടിന്റെ മേൽനോട്ടം വഹിക്കുന്നത്. ടി ഫണ്ടിൽ നിന്നും ധനസഹായത്തിന് അർഹരായ അംഗങ്ങളെ, |

| | | |
|---|---|---|
| | | ലിസ്റ്റ് സഹകരണ സംഘം രജിസ്ട്രാർ തയ്യാറാക്കി കമ്മിറ്റി മുൻപാകെ സമർപ്പിക്കേണ്ടതും കമ്മിറ്റി അർഹരായ അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിനും കരട് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഈ ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ? | (ബി) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ അർഹരായ അംഗങ്ങളുടെ ക്ഷേമത്തിനായാണ് ടി ഫണ്ട് സ്വരൂപിക്കുന്നത്. ലാഭനഷ്ട ഭേദമന്യേ എല്ലാ സംഘങ്ങളിലേയും അർഹരായ അംഗങ്ങൾക്കുള്ള ആശ്വാസ നിധിയായിട്ടാണ് ടി ഫണ്ട് വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ